**ധനകാര്യം**

(ii) 2018-2019 സാമ്പത്തിക വർഷത്തിലേയ്ക്കുള്ള അന്തിമ ഉപധനാഭ്യർത്ഥനകളെ സംബന്ധിക്കുന്ന ചർച്ചയും വോട്ടെടുപ്പും.

**ക്രമപ്രശ്നം**

കേരള ബഡ്ജറ്റ് മാന്വലിലെ നിർദ്ദേശങ്ങളുടെ ലംഘനം

ശ്രീ. എം. ഉമ്മർ: സർ, ഇന്ത്യൻ ഭരണഘടനയുടെ ആർട്ടിക്കിൾ 115 കേരള ബഡ്ജറ്റ് മാന്വൽ പാരാ 95(3), 94(1) എന്നിവയിൽ ഉപധനാഭ്യർത്ഥനകളെ സംബന്ധിക്കുന്ന വ്യവസ്ഥകൾ പരാമർശിക്കുന്നുണ്ട്. എന്നാൽ ഈ സാമ്പത്തിക വർഷം പുറപ്പെടുവിച്ച മൂന്ന് ഉപധനാഭ്യർത്ഥനകളും മേൽ പറഞ്ഞ പ്രകാരമുള്ള ചട്ടങ്ങൾ പാലിക്കാതെ പുറപ്പെടുവിച്ചതാണ്. 2018 ഡിസംബറിൽ പുറത്തിറക്കിയ ഉപധനാഭ്യർത്ഥനകളിൽ ഡിമാന്റ് നം. XIV-ൽ 2058-103-93 -21-1 എന്ന ശീർഷകത്തിൽ ടോക്കൺ പ്രൊവിഷൻ മാത്രം നൽകുകയും എന്നാൽ 05-10-2018-ൽ 1813/2018 ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ നമ്പറായി 10 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. അതുപോലെ ഡിമാന്റ് നമ്പർ XVI-ൽ 20165-103-94-21-1 എന്ന ശീർഷകത്തിൽ ഉപധനാഭ്യർത്ഥനയിലെ ടോക്കൺ പ്രൊവിഷൻ നൽകുകയും

437/2018 നികുതി വകുപ്പ് വാഹനം വാങ്ങുന്നതിനായി ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. ബഡ്ജറ്റ് മാന്വൽ പാരാ 95(3)-ൽ ഇപ്രകാരം പറയുന്നു, The grant as a whole should not be exceeded before supplementary grant has been made by the Legislature. ഇപ്രകാരം ഉപധനാഭ്യർത്ഥനയിൽ ടോക്കൺ പ്രൊവിഷൻ മാത്രം നൽകി വാഹനങ്ങൾ വാങ്ങാൻ ഭരണാനുമതി നൽകുകയും നിയമസഭയെ അവഹേളിക്കുകയുമാണ് ചെയ്തിട്ടുള്ളത്. മാത്രമല്ല, ഇപ്പോൾ മേശപ്പുറത്തുവച്ച അവസാന ഉപധനാഭ്യർത്ഥന ഫൈനൽ സപ്ലിമെന്ററിയിൽ മേൽ സൂചിപ്പിച്ച പ്രകാരമുള്ള തുകയ്ക്ക് സഭയുടെ അനുമതി തേടിയിട്ടുമില്ല. ഇത് കേരള ബഡ്ജറ്റ് മാന്വലിന്റെ നിർദ്ദേശങ്ങൾക്ക് ലംഘനമാണ്. ഇതിനകത്ത് ന്യൂ സർവ്വീസിനെ സംബന്ധിച്ച് പറയുന്നത് The provision of a new facility, or the alteration in character of an existing facility, and is normally looked upon as a 'new service', if it has not been contemplated in the annual financial statement (budget). A new instrument of service is treated as a 'new service', only if the expenditure involved is relatively large. ഞാൻ അടുത്ത് തുടർന്ന് വായിക്കാം. 95 (3)-ൽ When an additional appropriation is required

urgently in a case not involving a 'new service' and no savings are foreseen, the authority concerned should apply to Government in the Administrative Department for permission to incur the expenditure. The Administrative Department may........അവസാനം പറയുന്നത്, The grant as a whole should not be exceeded before supplementary grant has been made by the Legislature. ഇവിടെ വളരെ കൃത്യമാണ്. 1000 രൂപ സപ്ലിമെന്ററിയിൽ വയ്ക്കുകയും പിന്നീട് സഭയുടെ പെർമിറ്റില്ലാതെ വാഹനം വാങ്ങുന്നതിനുവേണ്ടി...... ഞാൻ രണ്ട് ഉദാഹരണങ്ങൾ മാത്രമേ ചൂണ്ടിക്കാണിച്ചിട്ടുള്ളു. വാഹനം വാങ്ങുന്നതിനുവേണ്ടി 10 ലക്ഷം രൂപ ചെലവുവഹിച്ച് എ.എസ്. കൊടുക്കുകയും ചെയ്തിരിക്കുകയാണ്. എ.എസ്. കൊടുത്തതിനുശേഷം ആ 10 ലക്ഷം രൂപ സഭയുടെ മുമ്പാകെ വരുന്നില്ല. സഭ പാസ്സാക്കിക്കൊടുത്തത് വെറും 1000 രൂപ മാത്രമാണ്. എനിക്ക് ചോദിക്കാനുള്ളത് സപ്ലിമെന്ററി ഗ്രാന്റ് 2018 ജൂണിലും ഡിസംബറിലും ഇപ്പോൾ ഫൈനലായിട്ട് ജനുവരി 2019-ലും ഒന്നും രണ്ടും സപ്ലിമെന്ററി ഡിമാന്റിൽ പല ധനാഭ്യർത്ഥനകൾക്കും ന്യൂ സർവ്വീസ് പ്രൊസീഡ്യുവറാണ് കൊണ്ടുവന്നിട്ടുള്ളത്. ന്യൂ സർവ്വീസ് കൊണ്ടുവന്നാൽ അത് നടപ്പ് സാമ്പത്തിക

വർഷം തന്നെ നടപ്പിലാക്കണമെന്നതാണ് വ്യവസ്ഥ. ഇവിടെ ന്യൂ സർവ്വീസ് ടോക്കൺ പ്രൊവിഷൻ മാത്രമേ നൽകിയിട്ടുള്ളൂ. ഞാൻ ഈ പറഞ്ഞ രണ്ടിലും 1000/- രൂപ മാത്രമാണ് സഭ പാസ്സാക്കിക്കൊടുത്തിട്ടുള്ളത്. ഈ സാമ്പത്തിക വർഷം പിന്നെങ്ങനെയാണ് നടപ്പിലാക്കാൻ സാധിക്കുക? ഇത് ഫൈനൽ അല്ലേ. അതുകൊണ്ട് ഇനി റീ-അപ്രോപ്രിയേഷൻ നടപ്പിലാക്കാൻ ഹെഡ് ഓഫ് അക്കൗണ്ട്സിൽ ബാക്കിയുണ്ടാകും, അത് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയാണ് പറയേണ്ടത്. സപ്ലിമെന്ററിക്ക് സപ്ലിമെന്ററി കൊണ്ടുവരാൻ പാടുണ്ടോ, രണ്ട് സപ്ലിമെന്ററി കഴിഞ്ഞ് ഇനി മൂന്നാം സപ്ലിമെന്ററി അതിനുവേണ്ടി കൊണ്ടുവരാൻ പാടുണ്ടോ? 1000/- രൂപയുടെ ടോക്കൺ വച്ചിട്ട് 10 ലക്ഷം രൂപയുടെ വാഹനം വാങ്ങുകയെന്നുപറഞ്ഞാൽ സംഖ്യയുടെ വലിപ്പം..... കോടിക്കണക്കിന് രൂപയുടെ ബഡ്ജറ്റാണ് അംഗീകരിക്കുന്നത് എങ്കിലും ഞാൻ ഈ രണ്ടെണ്ണത്തിന്റെ ഉദാഹരണം മാത്രമേ എടുത്തിട്ടുള്ളൂ. സഭ പെർമിഷൻ കൊടുത്തിട്ടുള്ളത് 1000/-- രൂപയ്ക്കാണ് പക്ഷെ 10 ലക്ഷം രൂപയുടെ വാഹനം വാങ്ങിയിരിക്കുകയാണ്.

<u>മി.സ്പീക്കർ</u>: അങ്ങ് പറഞ്ഞത് വ്യക്തമായി.

<u>ശ്രീ. എം. ഉമ്മർ</u>: സർ, ഇനി ഒരൊറ്റ വാക്കും കൂടെ പറഞ്ഞ് ഞാൻ

അവസാനിപ്പിക്കാം. 437/2017 ഉത്തരവ് പ്രകാരം ഭാഗ്യക്കുറി ഡയറക്ടർ ഒരു വാഹനം ഇതുപോലെ വാങ്ങി. ആറ് മാസങ്ങൾക്കുശേഷം കൊണ്ടുവന്ന സപ്ലിമെന്ററി ടോക്കൺ മാത്രം വച്ചാണ് വാങ്ങിയത്. അദ്യം വാഹനം വാങ്ങുക പിന്നീട് സപ്ലിമെന്ററിയിൽ 1000/- രൂപ വയ്ക്കുക പിന്നീട് സഭയ്ക്കുമുമ്പാകെ വരുന്നില്ല. ഇപ്പോൾ കൊണ്ടുവന്ന ഫൈനൽ സപ്ലിമെന്ററിയിൽ തുക വന്നുകാണുന്നില്ല. അപ്പോൾ ഈ നിയമസഭയുടെ അക്കൗണ്ടബിലിറ്റി എങ്ങനെയാണ്? നിയമസഭയുടെ പ്രധാന ഡ്യൂട്ടി എന്നു പറഞ്ഞാൽ ബഡ്ജറ്റ് പാസ്സാക്കുക, ചെലവഴിക്കപ്പെടുന്ന പണം സഭയുടെ അക്കൗണ്ടബിലിറ്റി ഉണ്ടാകുകയെന്നുള്ളതാണ്. കേരള ബഡ്ജറ്റ് മാന്വൽ ഞാൻ നേരത്തെ പറഞ്ഞ 95(3) പ്രകാരം അത് ഭരണഘടന ലംഘനമാണ്. അതുകൊണ്ട് അങ്ങയുടെ ഒരു റൂളിംഗ് ഉണ്ടാകണം. ഇത് ആവർത്തിക്കാൻ പാടില്ല, വളരെ കൃത്യമായ ഒരു റൂളിംഗ് ഉണ്ടാകണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

ധനകാര്യവും കയറും വകുപ്പുമന്ത്രി (<u>ഡോ. ടി. എം. തോമസ് ഐസക്</u>): സർ, ധനവകുപ്പ് എടുത്തിട്ടുള്ള നടപടികൾ ചട്ടപ്രകാരവും കീഴ്വഴക്കങ്ങൾ അനുസരിച്ചിട്ടുള്ളതുമാണ്. നമ്മൾ ടോക്കൺ പ്രൊവിഷൻ വയ്ക്കുന്നത് അതിന് ശീർഷകമില്ല, ന്യൂ സർവ്വീസ് പ്രൊസീഡ്യുവർ പ്രകാരം ശീർഷകം

സൃഷ്ടിക്കുന്നതിനുവേണ്ടിയാണ്. അങ്ങനെ സൃഷ്ടിച്ചുകഴിഞ്ഞാൽ വാഹനമെങ്കിൽ വാഹനം വാങ്ങുന്നതിനുള്ള ഭരണാനുമതി നൽകും. ആക്ച്വൽ എക്സ്പെൻഡീച്ചറിന്റെ അടിസ്ഥാനത്തിൽ അധിക ധനാനുമതിയും ലഭ്യമാകും. അതിനുശേഷമാണ് ഇത് റെഗുലറൈസ് ചെയ്യാൻ വേണ്ടി സഭയിൽ വരുന്നത്. എന്നാൽ എല്ലാം സഭയിൽ വരണമെന്നില്ല കാരണം, പ്രസ്തുത ഡിമാന്റിന്റെ കീഴിൽ സേവിംഗ്സ് ഉണ്ടെങ്കിൽ അത് വച്ച് റെഗുലറൈസ് ചെയ്യാം. അതുകൊണ്ടാണ് അങ്ങ് ചൂണ്ടിക്കാണിച്ചതുപോലെയുള്ള ചില കാര്യങ്ങൾ റീ-അപ്രോപ്രിയേഷൻ വഴി പണം കണ്ടെത്താൻ പറ്റും എന്നുറപ്പുള്ളതുകൊണ്ടും ഒരുപക്ഷെ കണ്ടെത്തിക്കഴിഞ്ഞിട്ടുള്ളതുകൊണ്ടുമായിരിക്കും സഭയിൽ വരാത്തത്. അതുകൊണ്ട് സഭയുടെ കീഴവഴക്കങ്ങളേയോ ചട്ടങ്ങളേയോ ഒന്നും ഈ നടപടി ലംഘിക്കുന്നില്ല എന്നാണ് എനിക്ക് ബോധിപ്പിക്കാനുള്ളത്.